# ഒരുമിച്ചൊരു അന്ത്യ യാത്ര



• മുഹമ്മദ് കുഞ്ഞി, നബീസ, മറിയുമ്മാ കുഞ്ഞ്, ഫെമിന

**കൊല്ലം** ജില്ലയിലെ ക്ലാപ്പന പ്രദേശത്ത് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തനം തുടങ്ങിയ കാലംമുതൽ വളരെ സജീവമായി പ്രവർത്തന രംഗത്തുണ്ടായിരുന്ന മഹ്മൂദ്കാക്ക എന്നറിയപ്പെടുന്ന മുഹമ്മദ് കുഞ്ഞ് സാഹിബും ഭാര്യ നബീസാ ഉമ്മ, സഹോദരി മറിയുമ്മാകുഞ്ഞ്, രണ്ടാമത്തെ മകൻ ജഹാദിന്റെ ഭാര്യ ഫെമിന, ഡ്രൈവർ അബ്ദുല്ലത്വീഫ് എന്നിവരും ഹരിപ്പാട്ട് വെച്ചുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട സംഭവം അക്ഷരാർഥത്തിൽ ക്ലാപ്പനയെ ഞെട്ടിച്ചു. മരണദിവസവും രാവിലെ ക്ലാപ്പന ജമാഅത്ത് ഘടകത്തിന്റെ മേൽനോട്ടത്തിലുള്ള മാലിക്മസ്ജിദിന് വേണ്ടി പ്രവർത്തകരോടൊപ്പം ഫണ്ട് പിരിവിൽ പങ്കെടുത്തിരുന്നു മുഹമ്മദ് കുഞ്ഞ് സാഹിബ്. രണ്ട് ആൺമക്കളെയും ഒരു വളർത്തുപുത്രിയെയും മരുമക്കളുൾപ്പെടെ തന്റെ ബന്ധുക്കളെയും കുടുംബങ്ങളെയും പ്രസ്ഥാനപ്രവർത്തകരാക്കുന്നതിലും അവരെ ഐക്യത്തോടെ കൊണ്ടുപോകുന്നതിലും വിജയിച്ച വ്യക്തിത്വമായിരുന്നു മഹ്മൂദ്കാക്ക. ക്ലാപ്പനയിൽ ഇസ്‌ലാമിക് സെന്ററും പള്ളിയും സൗജന്യക്ലിനിക്കും സ്ഥാപിക്കുന്നതിൽ സാമ്പത്തികമായും നേതൃപരമായും പങ്കുവഹിക്കുകയുണ്ടായി. ഡിപ്ലോമാക്കാരനായ മഹ്മൂദ്കാക്കയായിരുന്നു പ്രസ്ഥാനപരിപാടികളുടെ നോട്ടീസ്, ലഘുലേഖകൾ തയാറാക്കാറുണ്ടായിരുന്നത്. പ്രസ്ഥാനത്തിലെന്നതുപോലെ മഹല്ല് കമ്മിറ്റിയിലും സജീവമായിരുന്നു. തന്റെ ആദ്യകാല ചരിത്രം കുറച്ചുദിവസം മുമ്പ് എഴുതി നൽകുകയും ചെയ്തിരുന്നു. കുടുംബബന്ധം ചേർക്കുന്നതിൽ അതീവ തൽപ്പരനായിരുന്ന അദ്ദേഹം അകലെയുള്ള ബന്ധുക്കളെപ്പോലും വിളിച്ച് വിപുലമായ കുടുംബസംഗമം നടത്തിയിരുന്നു.

കച്ചവടത്തിലും കൃഷിയിലും തൽപ്പരനായിരുന്ന അദ്ദേഹം കൃഷിസംബന്ധമായ കാര്യങ്ങളിൽ ക്ലാപ്പന പഞ്ചായത്തിലെ കൃഷിഭവനിലെ സജീവ സാന്നിധ്യമായിരുന്നു. രണ്ടുമൂന്ന് തലമുറകളോടൊപ്പം ഇസ്‌ലാമിക പ്രവർത്തനത്തിൽ പങ്കാളിയായ മഹ്മൂദ്കാക്കയുടെ വിയോഗം ക്ലാപ്പനയിലെ ഇസ്‌ലാമിക പ്രവർത്തകരെ സംബന്ധിച്ചേടത്തോളം തീരാ നഷ്ടമാണ്. മരുമകളായി കുടുംബത്തിലേക്ക് വന്ന ഫെമിനയും വനിതാ ഹൽഖയുടെയും വെൽഫെയർ പാർട്ടിയുടെയും സജീവപ്രവർത്തകയായിരുന്നു. പ്രവർത്തകർ നടത്തുന്ന ക്ലിനിക്കിലെ ഫാർമസിസ്റ്റായി തന്റെ സേവനം അവർ സൗജന്യ സേവനമർപ്പിക്കുകയും ചെയ്തിരുന്നു. ഭർതൃപിതാവിനെയും മാതാവിനെയും സ്നേഹിക്കുന്നതിലും അവരോടൊപ്പം കച്ചവടം, കൃഷി, പശു വളർത്തൽ തുടങ്ങിയവയിൽ സഹായിക്കുന്നതിലും ഫെമിന ഏറെ ശ്രദ്ധിച്ചിരുന്നു. പ്രസ്ഥാന പരിപാടികളിലും കുടുംബത്തിലെ വിശേഷാവസരങ്ങളിലും മിക്കപ്പോഴും ഒരുമിച്ച് യാത്രചെയ്യാറുണ്ടായിരുന്ന ഈ സഹോദരങ്ങളെ അല്ലാഹു മരണത്തിലും ഒരുമിപ്പിച്ചിരിക്കുകയാണ്. രക്തസാക്ഷി പദവി നൽകി അവരെ അല്ലാഹു സ്വർഗത്തിൽ ഒരുമിച്ചുചേർക്കുമാറാകട്ടെ.

**വി.എ ഷഹാൽ ക്ലാപ്പന**

# വി.എം അബ്ദുൽ ഖാദർ



**ആലുവ** ചാലക്കൽ വടക്കനേത്തിൽ വി.എം അബ്ദുൽ ഖാദർ സാഹിബ് (87) ജമാഅത്തെ ഇസ്‌ലാമി ചാലക്കൽ കാർക്കുൻ ഹൽഖാ അംഗമായിരുന്നു. ചാലക്കൽ ഇസ്‌ലാമിക് കൾച്ചറൽ അസോസിയേഷൻ (ഇസ്‌ലാമിക് സെന്റർ) ട്രസ്റ്റിന്റെ സ്ഥാപകാംഗം കൂടിയായിരുന്നു അദ്ദേഹം. വാർധക്യത്തിലും ദീനീ-പ്രബോധന രംഗത്ത് സജീവമായിരുന്ന ഖാദർ സാഹിബ് അറുപതുകളിൽ മൂന്നു സഹോദരങ്ങൾക്കൊപ്പം പ്രസ്ഥാനത്തിൽ ആകൃഷ്ടനായി. 'ചാലക്കൽ സഹോദരങ്ങൾ' എന്നറിയപ്പെട്ടിരുന്ന ജമാഅത്തെ ഇസ്‌ലാമി അംഗം വി.എം അബ്ദുറഹ്മാൻ, പരേതനായ വി.എം അലി (ലിബാസ്), വി.എം ഉസ്മാൻ എന്നിവരുടെ മൂത്ത സഹോദരനായി പ്രസ്ഥാന പ്രവർത്തനങ്ങളിൽ മുമ്പേ നടന്നു അദ്ദേഹം. ഇസ്‌ലാമിക നിഷ്ഠയും ലാളിത്യവും വ്യക്തി-കുടുംബജീവിതത്തിൽ കണിശതയോടെ നിലനിർത്തിപ്പോന്ന അദ്ദേഹം ചാലക്കൽ പ്രദേശത്തിന് പ്രാസ്ഥാനിക ഗ്രാമമെന്ന ഖ്യാതി നേടിക്കൊടുക്കുന്നതിൽ നിർണായക പങ്കുവഹിച്ചു.

മഗ്‌രിബ് നമസ്കാരാനന്തരം വീടിന്റെ മുന്നിൽ നിൽക്കുമ്പോൾ ചീറിപ്പാഞ്ഞു വന്ന ബൈക്കിനടിയിൽ പെട്ടാണ്, രോഗങ്ങൾക്ക് പിടികൊടുക്കാത്ത ആ ശരീരം മരണത്തിന് കീഴടങ്ങിയത്. തീക്ഷ്ണമായ പരീക്ഷണങ്ങളെ പുഞ്ചിരിയോടെ ഏറ്റുവാങ്ങിയ അദ്ദേഹത്തിന്റെ ജീവിതത്തിൽ, അതുകൊണ്ടുതന്നെ, വളരെ നേരത്തെ വിടപറഞ്ഞ ഭാര്യയുടെ വിയോഗവും അസ്വസ്ഥതകൾ സൃഷ്ടിച്ചില്ല. ഒറ്റപ്പെടലിന്റെയോ ഏകാന്തതയുടെയോ പരിഭവങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഭാര്യയുടെ വിയോഗം സൃഷ്ടിച്ച വിടവ് സ്വജീവിതം കൊണ്ടു തന്നെ നികത്തുകയായിരുന്നു അദ്ദേഹം. പ്രതിസന്ധികളെ അവസരങ്ങളായും, നഷ്ടങ്ങളെ നേട്ടങ്ങളായും മാറ്റിയെടുക്കാൻ പ്രാപ്തമാക്കിയ പോസിറ്റീവ് എനർജിയും ദൃഢവിശ്വാസവുമാണ് അദ്ദേഹത്തിന്റെ ജീവിതത്തെ ആസ്വാദ്യകരവും കർമോത്സുകവുമാക്കി മാറ്റിയത് എന്നത് അനുഭവസാക്ഷ്യം. ഒരു മകനും മൂന്നു പെൺമക്കളുമടങ്ങിയ കുടുംബത്തിനു മാത്രമല്ല, ചാലക്കൽ ഗ്രാമത്തിനു തന്നെ കുറെ നല്ല പാഠങ്ങൾ പകർന്നു നൽകിയാണ് അദ്ദേഹം വിടവാങ്ങിയത്.

**റസിയ ചാലക്കൽ**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*